പത്രക്കുറിപ്പ്

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
Vanross Junction, Kerala University P.O., Thiruvananthapuram – 695 034
Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com

05.11.2022

# റോഡുകളിലും ട്രാഫിക് സിഗ്നലുകളിലും കുട്ടികളെ ഉപയോഗിച്ചുള്ള കച്ചവടം ഒഴിവാക്കണം

**-ബാലാവകാശ കമ്മീഷൻ**

സംസ്ഥാനത്തെ റോഡുകളിലും ട്രാഫിക് സിഗ്നലുകളിലും കുട്ടികളും കുട്ടികളെ കൈയ്യിലേന്തിയുമുള്ള കച്ചവടങ്ങൾ ഒഴിവാക്കൻ നിർദ്ദേശിച്ച് ബാലാവകാശ കമ്മീഷൻ ഉത്തരവായി. കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അംഗം ശ്യാമളാദേവി എന്നിവരുടെ ഡിവിഷൻ ബഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്. രക്ഷിതാക്കൾ കുട്ടികളെ വെയിലത്ത് കിടത്തി വ്യാപാരം നടത്താനും കുട്ടികൾ നേരിട്ട് കച്ചവടം ചെയ്യാനും പാടില്ല. കുട്ടികളുടെ സുരക്ഷിതത്വവും ഉത്തമ താല്പര്യങ്ങളും സംരക്ഷിക്കന്ന കാര്യം ഉറപ്പാക്കാനും സംസ്ഥാന പോലീസ് മേധാവിക്കും വനിത ശിശുവികസന വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകി. ഇതിൻമേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് 45 ദിവസത്തിനകം ലഭ്യമാക്കാനും കമ്മിഷൻ നിർദ്ദേശിച്ചു.

തിരക്കേറിയ ട്രാഫിക് പോയിന്റുകളിൽ ഒരു വയസ്സിൽ താഴെയുള്ള കുട്ടികളെ പൊരിവെയിലത്ത് കിടത്തിയും കൂടാതെ മുതിർന്ന കുട്ടികളും പലവിധ സാധനങ്ങൾ കച്ചവടം ചെയ്യുന്നു. അഥിതി തൊഴിലാളികളാണ് ഇത്തരത്തിലുള്ള പ്രവൃത്തികളിൽ ഏർപ്പെടുന്നത്. കുട്ടികളുടെ അടിസ്ഥാന അവകാശമായി ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള വിദ്യാഭ്യാസ അവകാശം തന്നെ നിഷേധിച്ചുകൊണ്ടും കുട്ടികൾക്ക് സുരക്ഷയും സംരക്ഷണവും ഒരുക്കാതെയുമുള്ള ബാലാവകാശ ലംഘനങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കേണ്ടതാണെന്ന് കമ്മിഷൻ വിവയിരുത്തി.

കടുത്ത പ്രതിഷേധത്തിന്റെ ഭാഗമായി ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാവും എന്ന് ബോധ്യമുള്ള സമരക്കാർ കുട്ടികളെയും കൂട്ടി സമരമുഖത്തേക്ക് പോകുന്നത് അഭികാമ്യമല്ല. സമരമുഖങ്ങളിൽ കുട്ടികളെ കവചമായി ഉപയോഗിക്കരുത്. ആരെങ്കിലും അങ്ങനെ പ്രവർത്തിക്കുകയാണെങ്കിൽ അത്തരക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കണമെന്ന മുൻ ഉത്തരവ് കർശനമായി നടപ്പാക്കാനും കമ്മിഷൻ നർദ്ദേശിച്ചു.

**ഒപ്പ്**

പബ്ളിക് റിലേഷൻസ് ഓഫീസർ